**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**16-06-2021**

## കാർഷികവാർത്തകൾ

### 1. വീട്ടുപടിക്കൽവിത്ത്

കൃഷിക്കാവശ്യമായ നല്ലയിനം വിത്തുകൾ സ്പീഡ് പോസ്റ്റ്വഴി നൽകുവാനുള്ള പദ്ധതിയുമായി ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾചറൽ റിസേർച്ചിന്റെ (ICAR) ബെംഗളൂരുവിലെ ഗവേഷണസ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചറൽ റിസർച്ച് (ഐഐഎച്ച്ആർ). ഐഐഎച്ച്ആറിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.iihr.res.in സന്ദർശിച്ച് അതിലുള്ള 'സീഡ്പോർട്ടലിലൂടെ' ഓൺലൈനായി പണമടയ്ക്കുന്നവർക്ക് സ്പീഡ് പോസ്റ്റ് വഴി ഇന്ത്യയിലെവിടെയാണെങ്കിലും വിത്തുകൾ എത്തിക്കുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ടെന്ന് ഐഐഎച്ച്ആർ പച്ചക്കറിവിളവിഭാഗം അറിയിച്ചു.

### 2. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ്പോർട്ടൽ'

പ്രകൃതി ക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി വിളകൾ ഇൻഷുർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റു കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ്പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി 'എയിംസ്' എന്ന യൂട്യൂബ്ചാനലിൽ ഓൺലൈനായി വീക്ഷിക്കാവുന്നതാണ്. എയിംസ്മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്

**ഓൺലൈൻ പരിശീലനങ്ങൾ**

**3.** തിരുവല്ല മഞ്ഞാടി ഹാച്ചറി ആൻഡ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 17, 18 തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ വാട്സ്ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനും ആയി **9 1 8 8 5 2 2 7 1 1** എന്ന നമ്പറിൽ ബന്ധപ്പെടുക.

**4.** **ക്ഷീരവികസന വകുപ്പിന്റെ കോട്ടയം ക്ഷീര പരിശീലന** കേന്ദ്രത്തിൽ വച്ച് ഇന്ന് (16.06.2021 ന് ) രാവിലെ 11 മുതൽ ക്ഷീരകർഷകർക്ക് വേണ്ടി "വിവിധയിനം തീറ്റപ്പുൽ ഇനങ്ങളും കൃഷിരീതിയും" എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള ക്ഷീരകർഷകർ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് – 9495445536

**5.** വെള്ളായണിക്കര ഇൻസ്ട്രക്ഷണൽ ഫാമിന്റെ നേതൃത്വത്തിൽ ഇന്ന് (16–0602021 ന്) രാവിലെ 10.30 മുതൽ 1.00മണി വരെ 'ഹൈടെക്ക് അടുക്കളത്തോട്ടനിർമ്മാണവും പരിപാലനവും' എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കാൽ സെന്റിലും അര സെന്റിലും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനെ കുറിച്ച് നൽകുന്ന പരിശീലനത്തിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് 9995953654, 9961533547, 7736690639എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**6.** പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം **ശുദ്ധജല മത്സ്യകൃഷി** എന്ന വിഷയത്തിൽ ഇന്ന്( **2021 ജൂൺ 16 ന്) രാവിലെ 11 മുതൽ ഓൺലൈൻ പരിശീലനം** നൽകുന്നു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം ഫിഷറീസ് വിഭാഗം സബ്ജക്റ്റ് മാറ്റർ സ്പെഷലിസ്റ്റ് ഡോ. വികാസ് പി.എ. പരിശീലനത്തിന് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**7.** ആലുവ മൃഗസംരക്ഷണ പരിശീല കേന്ദ്രത്തിൽ വച്ച് ഈ മാസം 25–ന് ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30–ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന രീതികളും എന്നീ വിഷയങ്ങളിൽ

ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള കർഷകർ **9188522708** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷകർക്കായി ഈ മാസം 18-ന് 'കാടവളർത്തൽ', 24, 25 എന്നീ തീയതികളിൽ 'ആട്വളർത്തൽ' എന്നീ വിഷയങ്ങളിൽ സൗജന്യപരിശീലനം ഓൺലൈനായി നടത്തുന്നു. താൽപര്യമുള്ളകർഷകർ **9188522703** എന്ന നമ്പറിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 23, 24 തീയതികളിൽ എരുമ വളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവർത്തി ദിവസങ്ങളിൽ **0471-2732918, 9188522701** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

10. തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും ഈ മാസം 17 ന് മട്ടുപ്പാവിലെ പച്ചക്കറി കൃഷി എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. റബ്ബറിന് വളമിടുന്നത് സംബന്ധിച്ച് റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. ഇന്ന് (16-ന്) ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന നമ്പറിലും **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

12. **ക്ഷീരവികസന വകുപ്പിന്റെ കോട്ടയം ക്ഷീര പരിശീലന** കേന്ദ്രത്തിൽ വച്ച് ഈ മാസം 18ന് രാവിലെ 11 മുതൽ ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്ക് വേണ്ടി ഗൂഗിൾ മീറ്റ് മുഖേന പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താല്പര്യമുള്ള ഭരണസമിതി അംഗങ്ങൾ ഈ മാസം 18ന് രാവിലെ 11ന് ഗൂഗിൾ ലിങ്ക് വഴി ജോയിൻ ചെയ്യേണ്ടതാണെന്ന് കോട്ടയം ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം